പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 195 4-10-2011 ന് മറുപടിക്ക്

വനാതിർത്തിയിലെ കൃഷി ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി:<br>" എം.പി. അബ്ദുസ്സമദ് സമദാനി:<br>" കെ. എൻ. എ. ഖാദർ:<br>" എൻ. എ. നെല്ലിക്കുന്ന്: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനഭൂമിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിക്കും വളർത്തു മൃഗങ്ങൾക്കും നാശം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവർക്ക് വീട് നിർമ്മിക്കുന്നതിനോ കൃഷി ചെയ്യാനോ അനുമതി ലഭിക്കാത്ത സാഹചര്യം നിലനിൽ ക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) വനഭൂമിയോട് ചേർന്ന് നിയമാനുസൃത രേഖകളുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്ന തിനോ കൃഷി ചെയ്യുന്നതിനോ അനുമതി ലഭിക്കാത്ത സാഹചര്യം നിലവിലില്ല. |
| (സി) വനഭൂമിയോട് ചേർന്നും, നദീതീരത്തെ പുറമ്പോക്കുകളിലും റിസോർട്ടുകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽ | (സി) വനഭൂമിയോട് ചേർന്ന് റിസോർട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 110 |

പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

റിസോർട്ടുകൾ ഇത്തരത്തിൽ വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ നെല്ലിയാമ്പതിയിലെ 4 റിസോർട്ടുകൾ വനമേഖലയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വനഭൂമിയോട് ചേർന്ന് കൃഷിഭൂമിയുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

വനഭൂമിയോട് ചേർന്ന് കൃഷിഭൂമിയുള്ള കർഷകർക്ക് വന്യജീവികൾ മൂലം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവികളുടെ ആക്രമണം ഒഴിവാക്കു ന്നതിന് സൗരോർജ്ജ വേലി, കയ്യാല, ട്രഞ്ചുകൾ എന്നിവ നിർമ്മിക്കുന്നതിന് പുറമെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി കൾ, സ്ക്വാഡുകൾ എന്നിവയുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ